**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2969** **12-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കി വരുന്ന പദ്ധതികളും നടപ്പിലാക്കുവാൻ വിഭാവനം ചെയ്ത പദ്ധതികളും വിശദമാക്കുമോ? | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

Comprehensive Housing (സമഗ്ര ഭവന നിർമ്മാണ പദ്ധതി ) 2016-17 , NFWF Housing (ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഫണ്ട്) 2016-17, BIF&HDF (2016-17) റീ വയറിംഗ് (പുനഃവൈദ്യുതീകരണം), BIF&HDF (2016-17 House Repair (ഭവന പുനരുദ്ധാരണം), BIF&HDF (2016-17) ഭൂമിവാങ്ങുന്നതിനുള്ള ധനസഹായം (2017-18) ഭവന നിർമ്മാണ ധനസഹായം, BIF&HDF (2017-18) ഭൂമിവാങ്ങി ഭവനം നിർമ്മിക്കുന്നതിനുള്ള ധനസഹായ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷം മുതൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി, വിദ്യാതീരം, കടൽസുരക്ഷാ ഉപകരണങ്ങളുടെ വിതരണം, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം എന്നീ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യകർഷക വികസന ഏജൻസി വഴി 2016-17, 2017-18 സാമ്പത്തിക വർഷം മത്സ്യ സമൃദ്ധി, 2018-19 ബ്ലൂറവല്യൂഷൻ, 2019-20 ജനകീയ മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2020-21 സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (PMMSY) 2021-22 സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി എന്നീ പദ്ധതികൾ വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്നുണ്ട്.

ഫിഷറീസ് വകുപ്പിന് കീഴിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ് എന്നിവ മുഖേനയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) **ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

2) **കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **2017-18 സാമ്പത്തിക വർഷം** | | |
| 1 | പുനരുദ്ധാരണം, ജി.ആർ.എഫ്.ടി.എച്ച്.എസ്., കാഞ്ഞങ്ങാട്, കാസർഗോഡ് | 37.50 | പദ്ധതി പൂർത്തീകരിച്ചു |
| | **2020-21 സാമ്പത്തിക വർഷം** | | |
| 2 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ, കാസർഗോഡ് | 94.90 | പൂർത്തീകരണഘട്ടത്തിൽ |
| | **2021-22 സാമ്പത്തിക വർഷം** | | |
| 3 | ഹോസ്റ്റൽ റീവയറിംഗ്, ജി.ആർ.എഫ്.ടി.എച്ച്.എസ്., കാഞ്ഞങ്ങാട്, കാസർഗോഡ് | 4.38 | പദ്ധതി പൂർത്തീകരിച്ചു |
| | **കിഫ്ബി പദ്ധതി** | | |
| 4 | ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, കാഞ്ഞങ്ങാട്, കാസർഗോഡ് | 301.478 | DSR മാറ്റത്തോടനുബന്ധിച്ച പുതുക്കിയ നിരക്കുകൾ പ്രകാരം കിഫ്ബിയിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ കിഫ്ബി നിഷ്കർഷിക്കുന്ന റവന്യൂ ഷെയറിംഗ് തിരിച്ചടവിന് കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ നിന്ന് അനുമതി പത്രം ലഭ്യമായാൽ മാത്രമേ പദ്ധതി ടെണ്ടർ ചെയ്ത് നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുവാൻ നിലവിൽ പദ്ധതികൾ ഒന്നും വിഭാവനം ചെയ്തിട്ടില്ല.

3) മത്സ്യഫെഡ്

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ മത്സ്യഫെഡ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) -ന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതിയിൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നൽകിയ വായ്പ | 62.06 |
| 2 | ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ(എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നിവയുടെ ധനസഹായത്തോടുകൂടി സ്വയം സഹായ സംഘങ്ങൾക്ക് നൽകിയ മൈക്രോഫിനാൻസ് വായ്പ | 161.31 |
| 3 | ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ(എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി) എന്നിവയുടെ ധനസഹായത്തോടുകൂടി നൽകിയ ടേം വായ്പ | 5.75 |
| 4 | മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്കുള്ള പലിശ രഹിത വായ്പ | 257.70 |
| | ആകെ | **486.82** |

ഈ പദ്ധതികൾ ഇപ്പോഴും നടപ്പിലാക്കി വരുന്നു. ഇതേ പദ്ധതികൾ തുടർന്നും

നടപ്പിലാക്കുന്നതാണ്.

4) സാഫ്

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതു വരെ ഫിഷറീസ് വകുപ്പിന് കീഴിൽ **സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന** നടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കി വരുന്ന പദ്ധതികളും നടപ്പിലാക്കുവാൻ വിഭാവനം ചെയ്ത പദ്ധതികളും ചുവടെ ചേർക്കുന്നു.

**സാഫ് മുഖേന നടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കി വരുന്ന പദ്ധതികളും**

തീരമൈത്രി പദ്ധതി - ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 9 തീരദേശ ജില്ലകളിൽ ഗ്രൂപ്പുകൾ രൂപീകരിച്ച് സൂക്ഷ്മതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട് 2016-17 വർഷത്തിൽ 2 മുതൽ 4 വരെ അടങ്ങുന്ന വനിതകളുടെ ഒരു ഗ്രൂപ്പിന് 2 ലക്ഷം രൂപ (ഒരംഗത്തിന് 50000 രൂപ) വരെയും, 2017-18 മുതൽ 2019 -20 വരെ ഒരു ഗ്രൂപ്പിന് 3 ലക്ഷം രൂപ (ഒരംഗത്തിന് 75000 രൂപ) വരെയും ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഗ്രാൻറായി അനുവദിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 80 ശതമാനം ഗ്രാൻറും 15 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃവിഹിതവും ആണ്. 2020-21 വർഷം

മുതൽ 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഒരു ഗ്രൂപ്പിന് 5 ലക്ഷം രൂപ (ഒരംഗത്തിന് ഒരു ലക്ഷം രൂപ) വരെ ഗ്രാൻറ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃവിഹിതവും ആണ്.

2016 മുതൽ തീരമൈത്രി പദ്ധതിയിലൂടെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 21 ഡി.എം.ഇ യൂണിറ്റുകൾ ആരംഭിക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി പദ്ധതിയിലെ മറ്റ് ഘടകങ്ങളായ വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സാങ്കേതിക വിദ്യാ നവീകരണം, പലിശ സബ്സിഡി, കേരള ബാങ്ക് മുഖേന ഗ്രൂപ്പുകൾക്ക് ലോങ് ടേം ലോൺ എന്നീ ധനസഹായങ്ങൾ നൽകി വരുന്നു. കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ തീരദേശപ്രദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിക്കാറുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ 18 നും 35 വയസ്സിനും ഇടയിലുള്ള വനിതകൾക്ക് ഒരു മാസം ക്ളാസ്സ് റൂം ട്രെയിനിംഗും ഒരു മാസം on job ട്രെയിനിംഗും നൽകിയിട്ടുണ്ട്. 20 പേർക്ക് തീരനൈപുണ്യ കോഴ്സ് വഴി പരിശീലനം നൽകിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനായി എക്സിബിഷൻ, മേളകൾ എന്നിവയിൽ പങ്കെടുപ്പിക്കുകയും ആവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായം നൽകുകയും ചെയ്തു വരുന്നു. 2016 മുതൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ തീരമൈത്രി പദ്ധതി വഴി ആകെ 3721669/- രൂപ മാത്രം ചെലവഴിച്ചിട്ടുണ്ട്.

## സീ ഫുഡ് റെസ്റ്റോറൻറ് പദ്ധതി

മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുകയും സാധാരണ ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ മികച്ച സീഫുഡ് ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണിത്. 5 പേരടങ്ങുന്ന ഒരു **Seafood restaurant** രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ വരെ ഗ്രാൻറ് നൽകുന്നു. പദ്ധതി തുകയുടെ 75 ശതമാനം ആണ് ഗ്രാൻറ്. ബാക്കി തുക ബാങ്ക് ലോൺ (20%) ആയും ഗുണഭോക്തൃവിഹിതം (5%) ആയും എടുക്കുന്നു. കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നിലവിൽ 5 പേരടങ്ങുന്ന 2 യൂണിറ്റുകൾ ഈ പദ്ധതി വഴി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി ആകെ 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ജെ.എൽ.ജി പദ്ധതി

തീരദേശമേഖലയിൽ മത്സ്യവിൽപ്പനയും അനുബന്ധതൊഴിൽ ചെയ്യുന്നവരുമായ 1000 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഔദ്യോഗിക ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതിയാണിത്. 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 50000 രൂപ (ഒരംഗത്തിന് ഒരു ലക്ഷം) വരെ പ്രവർത്തന മൂലധനമായി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. 2021 - 22 സാമ്പത്തിക വർഷം ജില്ലയില് നടപ്പിലാക്കിവരുന്ന പദ്ധതിയില് കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 10 ഗ്രൂപ്പുകൾക്ക് 50000 രൂപ വീതം ആകെ 5 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

## സാഫ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

മത്സ്യത്തൊഴിലാളി സ്ത്രീകളെ സാഫിൻറെ പ്രവർത്തകഗ്രൂപ്പുകളാക്കി ബദൽ ജീവനോപാധി മേഖലയിൽ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സാഫ് ചെയ്തുവരുന്നു. സംസ്ഥാനത്തെ മൽസ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി Alternative and Supporting Livelihood Opportunity to Fisherwomen of Kerala എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ), ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

1. <u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം</u>

2022-23 വർഷത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാൻറ് (ഒരംഗത്തിന് ഒരു ലക്ഷം രൂപ) അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. തീരദേശ മേഖലയിലും ഉൾനാടൻ മേഖലയിലും ഈ പദ്ധതി നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ 150 - 300 ചെറുകിട സംരംഭങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നു. ഇതിനായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി Fishermen Family Register ൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

2. <u>ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)</u>

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ലക്ഷ്യത്തോടെ ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) പദ്ധതി നടപ്പിലാക്കുന്നത്. തലച്ചുമടായി മത്സ്യം വിൽക്കുന്ന സ്ത്രീകൾ, പീലിങ്, മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 5 പേരടങ്ങുന്ന ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ച് ഒരു ഗ്രൂപ്പിന് 50000/- രൂപ (ഒരംഗത്തിന് 10000/-രൂപ) വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു. 25 ആഴ്ച കൊണ്ട് ടി തുക തിരിച്ചടക്കേണ്ടതാണ്. തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് തുക വീണ്ടും അനുവദിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിൻറെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പു വരുത്തുവാൻ സാധിക്കും. ടി പദ്ധതിയ്ക്കായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

# HARBOUR ENGINEERING DIVISION - KASARAGOD

## Upgradation of Coastal Road -KANHANGAD LAC Work details

| | | നടപ്പിലാക്കിയ പദ്ധതികൾ | | |
|---|---|---|---|---|
| Sl. No. | Sanctioned Year | Name of Scheme | A.S amount | Present Status |
| 1 | 2016-2017 | Kalluravi -Pacha Bhandaram-Pazhaya Kanhangad-Thaikadappuram Road in Kanhangad Corporation | 8.40 | Work Completed |
| 2 | | Ittammal South-Municipality road in Ajanur Panchayath | 20.70 | Work Completed |
| 3 | | Kalluravi-Kadappurathu Bhagavathy - Kanhangad Thaikadappuram Road in Kanhangad Minicipality | 11.50 | Work Completed |
| 4 | | Padannakkad Ozhinja Valappu Road and Drainage Work | 80.00 | Work Completed |
| 1 | 2017-18 | Kottachry circle meenappees road Kanhangad Municipality | 97.50 | Work Completed |
| 2 | | Kangangad Municipality Pazhaya kadappuram- Punchavi school- Sabari club road | 8.10 | Work Completed |
| 3 | | Muvarikundu- Kuruthoor road Kangangad Municipality | 27.70 | Work Completed |
| 5 | | Ajanoor Panchayath Karuvalam- Ayurveda Hospital road | 5.20 | Work Completed |
| 6 | | Kangangad Municipality Kusal Nagar Pabin stoopam Ariyil road | 25.25 | Work Completed |
| 7 | | Ajanoor Panchayath Kolavayal post office padinjara kurumba road | 19.00 | Work Completed |
| 8 | | Kangangad Municipality Nehru college- Ideal school road | 32.64 | Work Completed |
| 9 | | Ajanoor Panchayath Ajanoor Kadappuram- Vayanasala-Fish landing centre road | 35.15 | Work Completed |
| 1 | 2018-2019 | Kanjangad Beach Bavakka Mosque road to Kushal Nagar Upgradation of Drainage | 70.30 | Work Completed |
| 2 | | Rationkada P. P. T School road | 28.00 | Work Completed |
| 3 | | Kanjangad Nagarasabha Ward 38, Link Road between Muriyanavil with West P.P.T.S. School Kanjangad Beach | 49.70 | Work Completed |
| 4 | | Ajanur P.H.C to Ajanur Beach, Bella Beach M.C.B.M School Road | 87.93 | Work Completed |
| 1 | 2019-2020 | Imrovement to Njanikkadavu - Punchavi MLA Road | 5.80 | Work Completed |
| 2 | | Punchavi MLA Road - Olinjavalap Ayyappa bhajana Mandiram road | 6.70 | Work Completed |

| | | | | |
|---|---|---|---|---|
| 3 | | Padiyar Swami - Ayyappa Bhajana mandiram road | 18.20 | Work Completed |
| 4 | | Kushaal nagar - Hosdurg Kadappuram road | 17.10 | Work Completed |
| 5 | | Punchavi vazhi, Marakkappu Kadappuram Thaikkadappuram road | 76.40 | Work Completed |
| 6 | | Iqbal HSS - Railway track road - renovation by concrete | 80.00 | Work Completed |
| 7 | | Ittammal south link road | 27.70 | Work Completed |
| 9 | | Kadikkal- Akkarammal- Areekkara road - 2 Km Re-tarring | 30.30 | Work Completed |
| 10 | | Kolavayal- Mundavalappu road 1.5 Km | 20.30 | Work Completed |
| 11 | | Kanhangad Corporation - Kushal Nagar - Savaparamb road | 22.90 | Work Completed |
| 12 | | Sidhiq Masjid road tarring | 7.5 | Work Completed |
| 1 | 2020-2021 | Vadakara jn to Ballakadappum east side road concrete | 41.900 | Work Completed |
| 2 | | Balla Kadapuram - OhinjaValappu Minappis- Kanhangad Kadapuram Punjavi vazhi Thekkekkadappuram road | 40.900 | Work Completed |
| 3 | | Upgradation of coastal road -Improvement to Karuvalam road in Kanhangad Municipality- Kasaragod District | 28.700 | Work Completed |
| 4 | | Improvements of Internal road - Neeleswaram Fish Landing centre | 31.400 | Work Completed |
| 5 | | Upgradation of coastal road Improvement to Noormasjid road in Kanhangad Municipality- Kasaragod District | 26.600 | Work Completed |
| 1 | 2021-2022 | Iqbal H.S.S.Pulikkal Temple Road-Retarring | 41.00 | work completed |
| 2 | | Kattadi Junction-Kothikkal Road-Retarring | 7.60 | work completed |
| 3 | | Chettukkundu-Chithari Kadappuram Azhimukham Road-Retarring | 35.00 | work completed |
| 1 | 2022-2023 | Iqbal H.S.S.Pulikkal Temple Road-Retarring | 41.00 | work completed |
| 2 | | Chettukkundu-Chithari Kadappuram Azhimukham Road-Retarring | 35.00 | work completed |
| | | നടപ്പിലാക്കി വരുന്ന പദ്ധതികൾ | | |
| 1 | 2021-22 | Friends Club Road | 49.00 | work nearly completed |
| | | നടപ്പിലാക്കുവാൻ വിഭാവനം ചെയ്ത പദ്ധതികൾ | | |
| 1 | 2022-2023 (List 1) | Iqbal H.S.S.Adimel-Temple-Railway Track Road-Concrete Road Development | | Included in 2021-22-List 1-sl no.85. AS Estimate Submitted to Govt HECE/47/2021-DR2 Dated 13/09/2021 |
| 1 | 2022-2023 (List 2) | Kovval palli Brothers club road | | AS estimate to be submitted |
| 2 | | kovval palli kouvalmatam mathoth road | | AS estimate to be submitted |
| 3 | | kovval palli kallumchira road | | AS estimate to be submitted |